ഉത്തരം

(എ) തങ്കളം-കാക്കനാട് റോഡിന്റെ ഉദ്ദേശം 800 മീറ്റർ നീളത്തിൽ ഒന്നാം ഘട്ടം പണി പൂർത്തിയായി. ടി ഭാഗത്തെ റോഡിന്റെ സ്ഥലമെടുപ്പ് നടപടികൾ പുരോഗതിയിലാണ്. നഷ്ടപരിഹാരതുക മുഴുവനായി കൊടുക്കുവാൻ കഴിഞ്ഞിട്ടില്ല. രണ്ടാം ഘട്ടത്തിന്റെ പണിയ്ക്കുവേണ്ടി 5 കോടിരൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.

(ബി&സി) സ്ഥലമേറ്റെടുക്കലുമായി ബന്ധപ്പെട്ട അധിക ബാധ്യതയ്ക്കായി ഫണ്ട് ലഭ്യമാക്കി ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

കൊല്ലം ബൈപാസ്

284(3209) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ബൈപാസ് നിർമ്മാണത്തിന് വേണ്ടി തുക അനുവദിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ബി) കൊല്ലം ബൈപാസ് നിർമ്മാണം സംബന്ധിച്ച ടെൻഡർ നടപടിയുടെ വിശദാംശം ലഭ്യമാക്കുമോ ;

(സി) പ്രസ്തുത പ്രവൃത്തി എന്നാരംഭിക്കുമെന്നറിയിക്കാമോ ?

ഉത്തരം

(എ&ബി) കൊല്ലം ബൈപ്പാസിന്റെ നിർമ്മാണത്തിനായി 267.16 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത ബൈപ്പാസിന്റെ ഫിനാൻഷ്യൽ ബിഡ് 21-10-2014-ൽ തുറക്കുകയുണ്ടായി. 27.61% അധിക നിരക്ക് ക്വാട്ട് ചെയ്ത ടെണ്ടർ കേന്ദ്ര ഗതാഗത മന്ത്രാലയത്തിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

(സി) ടെണ്ടറിനുള്ള അംഗീകാരം ലഭിച്ചാൽ ഒരു മാസത്തിനകം പ്രവൃത്തി ആരംഭിക്കുവാനുള്ള നടപടികൾ തുടങ്ങുവാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

വൈക്കം സബ്ഡിവിഷനു കീഴിൽ പൊതുമരാമത്ത് വകുപ്പ് വിവിധ പ്രവൃത്തികൾക്കായി അനുവദിച്ച തുക

285(3210) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പ് (നിരത്തുകളും പാലങ്ങളും) വൈക്കം സബ്ഡിവിഷനു കീഴിൽ കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിൽ വിവിധ പ്രവൃത്തികൾക്കായി അനുവദിച്ച തുകയും അതിൽ ചെലവായ തുകയും വർഷവും പ്രവൃത്തിയും തിരിച്ച് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly